**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 100** **10-06-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എം.വിജിൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.റ്റി.ഡി.സി. മുഖേന നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.റ്റി.ഡി.സി. മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ താഴെ വിവരിക്കുന്നു. 1. മാസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിക്കുകയും ചെയ്തു. 2. ചൈത്രം ഹോട്ടലിന്റെ മുറികളും ലോബിയും മൊത്തമായി നവീകരിച്ചു 3. വാട്ടർസ്കേപ്പ് കുമരകത്തിന്റെ നവീകരണം 12.65 കോടി രൂപ മുടക്കി പൂർത്തിയാക്കി. 4. തേക്കടിയിൽ 120 പേരെ വീതം കയറ്റാവുന്ന രണ്ട് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചു. 5. പൊന്മുടിയിൽ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ കമ്മിഷൻ ചെയ്തു. 6. കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ 292 ലക്ഷം രൂപ മുടക്കി നവീകരിച്ചു 7. മാസ്കറ്റ് ഹോട്ടലിന്റെ നവീകരണത്തിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ പണി ആരംഭിക്കുകയും ചെയ്തു. 8. ആലപ്പുഴയിൽ 2 കോടി രൂപ മുതൽ മുടക്കിൽ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിച്ചു. 9. വേളിയിൽ പുതിയ ബോട്ടുകൾ വാങ്ങുകയും കമ്മീഷൻ ചെയ്യുകയും ചെയ്തു. 10. വേളിയിൽ ഫ്ലോട്ടിംഗ് റസ്റ്റാറന്റ് 70 ലക്ഷം മുടക്കി നവീകരിച്ചു. 11. ബഹു. സുപ്രീം കോടതി ഉത്തരവിൻ പ്രകാരം അടച്ചുപൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ ബിയർ പാർലറുകൾ തുറന്നു. 12. കണ്ണൂരിലെ മുഴിപ്പിലങ്ങാടിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാന്റ് അക്യുസിഷൻ നടപടികൾ പൂർത്തിയാക്കി. ഉടനെ തന്നെ സ്റ്റാർ ഹോട്ടലുകളുടെ പണി ആരംഭിക്കുന്നതാണ്. ഇതിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 13. കെ.ടി.ഡി.സി.യുടെ ചിരകാല ആവശ്യമായ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചു. 14. |

| | | | |
|---|---|---|---|
| | | | കെ.ടി.ഡി.സി. യിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണമായ ട്രെയിനിംഗ് കൊടുക്കാനുള്ള നപടികൾ ആരംഭിച്ചു. 15. 792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടീ കൗണ്ടി റിസോർട്ട് നവീകരണം നടന്നു വരികയാണ്. 16. കൊല്ലത്തെ ടാമറിന്റ് ഈസി ഹോട്ടൽ 2.9 കോടി രൂപയ്ക്ക് നവീകരിക്കാൻ ഭരണാനുമതി നൽകി. പണി പുരോഗമിച്ചു വരുന്നു. 17. പീരുമേട് ടാമറിന്റ് ഈസി ഹോട്ടൽ 1.9 കോടി രൂപയ്ക്ക് നവീകരിക്കാൻ ഭരണാനുമതി നൽകി. പണി പുരോഗമിച്ചു വരുന്നു. 18. കന്യാകുമാരിയിൽ ഒരു സ്റ്റാർ ഹോട്ടലിന്റെ പണി പുരോഗമിക്കുന്നു. 19. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനുമായി ചാനൽ മാനേജർ സോഫ്റ്റ് വെയർ ഏർപ്പെടുത്തി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതു മൂലം നിരവധി അന്താരാഷ്ട്ര ഓൺലൈൻ ട്രാവൽ ഏജൻസികളുമായി മികച്ച ബന്ധം സ്ഥാപിക്കുന്നതിനും വ്യാപാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു. 20. സാങ്കേതിക വിദ്യയുടെ വളർച്ചയെ തുടർന്ന് ഹോട്ടൽ ബിസിനസ്സിൽ ഓൺലൈൻ ട്രാവൽ ഏജൻസികളുടെ പങ്ക് വളരെ വലുതാണ്. ഇത്തരം മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്താനായി പുതിയ ഓൺലൈൻ ട്രാവൽ ഏജൻസികളുമായി ബിസിനസ്സ് ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. 21. കെ.ടി.ഡി.സി. ഹോട്ടലുകളുടെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും പ്രചരണത്തിനുമായി സോഷ്യൽ മീഡിയയെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | വിദേശ വിനോദസഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കെ.റ്റി.ഡി.സി. പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | 1. വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിലേയ്ക്കായി കേരളത്തിലെ വിവിധ തരത്തിലുള്ള ടൂറിസം ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനായി ടൂർ പാക്കേജുകൾ തയ്യാറാക്കിയിട്ടുണ്ട്. 2. ആയുർവേദ പാക്കേജുകൾ തയ്യാറാക്കിയിട്ടുണ്ട്. 3. വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ്.കോം, അഗോഡ, എക്സ്പീഡിയ തുടങ്ങിയവയുമായി ബിസിനസ്സ് ക്രമീകരണമേർപ്പെടുത്തിയിട്ടുണ്ട്. തൽസമയ ബുക്കിംഗ് പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഒരു ചാനൽ മാനേജർ സോഫ്റ്റ്.വെയർ സംവിധാനം ഒരുക്കിയിട്ടുണ്ട്. 4. വിദേശികൾക്ക് ഉതകുന്ന രീതിയിൽ മൂന്നാറിലെ ടീ കൗണ്ടി, ആലപ്പുഴയിലെ റിപ്പിൾ ലാന്റ്, തിരുവനന്തപുരത്തെ മാസ്കറ്റ് ഹോട്ടൽ, ചൈത്രം ഹോട്ടൽ എന്നീ ഹോട്ടലുകൾ നവീകരിച്ചിട്ടുണ്ട്. കൂടാതെ പീരുമേട്ടിലെ ടാമറിന്റ് ഹോട്ടൽ, കൊല്ലത്തെ ടാമറിന്റ് ഹോട്ടൽ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ നവീകരണങ്ങളും നടന്നു വരികയാണ്. 5. കോവിഡ് രണ്ടാം ഘട്ടം തീരുന്ന മുറയ്ക്ക് ട്രാവൽ മീറ്റുകളിലും, മറ്റ് എക്സിബിഷനുകളിലും പങ്കെടുക്കാനും പദ്ധതിയുണ്ട്. 6. കോവിഡ് രണ്ടാം ഘട്ടം തീരുന്ന മുറയ്ക്ക് വിദേശ ടൂറിസ്റ്റുകളെ കൊണ്ടുവരുന്ന ഏജൻസികളുമായി ബിസിനസ്സ് ക്രമീകരണം ഉണ്ടാക്കുന്നതാണ്. 7. കെ.ടി.ഡി.സി.യുടെ വെബ്സൈറ്റ് ഇംഗ്ലീഷിന് പുറമെ അറബി, ഫ്രഞ്ച്, സ്പാനിഷ് എന്നീ ഭാഷകളിലും കൂടി രൂപീകരിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തിന്റെ ടൂറിസം ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കെ.റ്റി.ഡി.സി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വിദേശ വിനോദ സഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേക്ക് കൂടുതലായി ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കെ.ടി.ഡി.സി. താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ്.കോം., അഗോഡ, എക്സ് പീഡിയ എന്നിവയിലൂടെയെല്ലാം പ്രചാരണവും, വിൽപ്പനയും നടത്തുന്നുണ്ട്. ഓൺലൈൻ ട്രാവൽ ഏജൻസികളുടെ ബുക്കിംഗ് തൽസമയം എടുക്കുന്നതിന് ചാനൽ മാനേജർ സോഫ്റ്റ്.വെയർ സംവിധാനം ഏർപ്പെടുത്തി. നമ്മുടെ രാജ്യത്തിന് അകത്തും വിദേശത്തും നടത്തുന്ന പ്രമുഖ ടൂറിസം മേളകളിൽ കെ.ടി.ഡി.സി. പങ്കെടുക്കാറുണ്ട്. ഇതുവഴി മികച്ച ടൂർ ഓപ്പറേറ്റർമാർ/ട്രാവൽ ഏജൻസികൾ/കോർപ്പറേറ്റുകൾ/ സാധ്യതയുള്ള സഞ്ചാരികൾ തുടങ്ങിയവരുമായി നേരിട്ട് പ്രചാരണം നടത്തുവാനും അത് വഴി വിദേശത്ത് കെ.ടി.ഡി.സി. യുടെ പേര് വ്യാപിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ